**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1219 30.09.2011 - ൽ മറുപടിയ്ക്ക്

**എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ കടങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ബി. സത്യൻ** | | **ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| (എ) സഹകരണ ബാങ്കുകളിൽ നിന്ന് 25,000/- രൂപ വരെ വായ്പ എടുത്തിരുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ കടങ്ങൾ എഴുതിത്തള്ളാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി ഇപ്പോൾ തുടരുന്നുണ്ടോ; ഈ പദ്ധതി പ്രകാരം എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചു; ഇതിലേയ്ക്ക് മതിയായ തുക നീക്കിവച്ചിട്ടുണ്ടോ; | (ബി) | ടി പദ്ധതി നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 31.12.2011 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ ഇതുവരെ 68,74,57,814/- രൂപ (അറുപത്തിയെട്ട് കോടി എഴുപത്തി നാല് ലക്ഷത്തി അൻപത്തിയേഴായിരത്തി എണ്ണൂറ്റി പതിനാല് രൂപ) സർക്കാർ അനുവദിച്ച് നൽകിയിരുന്നത് സഹകരണ വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയോടൊപ്പം കൂടുതൽ തുക വായ്പയെടുത്തിരുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോ; (ഡി) ഭവനനിർമ്മാണത്തിനും മറ്റും വായ്പയെടുത്ത എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട തിരിച്ചടയ്ക്കാൻ പ്രാപ്തിയില്ലാത്തവർക്ക് മറ്റെന്തെങ്കിലും ആനുകൂല്യം നൽകാൻ കഴിയുമോ ? | (സി) യും (ഡി) യും | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ